©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15 Vol. XV	**തിരുവനന്തപുരം, ശനി** Thiruvananthapuram, Saturday	**2026 ജനുവരി 03** 03rd January 2026 **1201 ധനു 19** 19th Dhanu 1201 **1947 പൌഷം 13** 13th Pousha 1947	**നമ്പർ** No.	**37**

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

കൂട്ടിച്ചേർക്കൽ വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ.5/2026/റ.വ   തീയതി, തിരുവനന്തപുരം, 2026 ജനുവരി 3.

എസ്. ആർ. ഒ. നമ്പർ 14/2026

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ ആക്റ്റ് 11–ാം വകുപ്പിന്റെ 1–ാം ഉപവകുപ്പ് അനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 22–12–2023 ലെ 4156–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 22–12–2023 ലെ ജി.ഒ.(പി) 326/2023/ആർ.ഡി. നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രാഥമിക വിജ്ഞാപനം, 09-06-2025 ലെ 2126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 06-06-2025 ലെ ജി.ഒ.(പി) 208/2025/ആർ.ഡി. നമ്പർ തിരുത്തൽ വിജ്ഞാപനം എന്നിവയിലെ ക്രമ നമ്പറുകളിൽ ഉൾപ്പെടാത്ത ഭൂമി കൂട്ടിച്ചേർത്ത് താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

പട്ടിക-1

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല-കണ്ണൂർ വില്ലേജ്-രാമന്തളി
താലൂക്ക്-പയ്യന്നൂർ ദേശം - കുന്നരു

ക്രമ നം	സർവ്വെ നമ്പർ	ഇനം/ തരം	വിസ്തീർണ്ണം (ഹെക്ടറിൽ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിത കുടുംബങ്ങളെ സ്ഥലംമാറ്റുന്നതിനുള്ള കാരണം	ഉടമസ്ഥരുടെ പേരുവിവരങ്ങൾ
1	75/13	പുരയിടം	0.0165	തീരദേശ ഹൈവേ-പാലക്കോട്-കുന്നരു റീച്ച്	ഈ പദ്ധതിക്കായി ആരെയും തന്നെ കുടിയൊഴിപ്പിക്കേണ്ടതില്ല	വടക്കന്മാർ വീട്ടിൽ ദാമോദരൻ മുതൽ പേർ
2	239/1	നിലം	0.0533			ചുരക്കാട് നാരായണൻ മുതൽ പേർ, യശോദ മുതൽപേർ, നളിനി മുതൽ പേർ, പ്രേമലത വേലിക്കത്ത് മുതൽപേർ, സഹദ് എൻ.ടി.പി. മുതൽപേർ
3	239/2	പുരയിടം	0.0002			നളിനി മുതൽ പേർ
4	90/6	പുരയിടം	0.0016			പി.വി.ഭവാനി മുതൽ പേർ
5	233/18	പുരയിടം	0.0008			കുഞ്ഞിമംഗലം ദേവസ്വം ചിറക്കൽ കോവിലകത്ത് വലിയ രാജാവ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഗീത എ

അഡീഷണൽ സെക്രട്ടറി (റവന്യൂ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിൽ രാമന്തളി വില്ലേജിൽ തീരദേശ ഹൈവേയുടെ ഭാഗമായി പാലക്കോട് കുന്നരു റീച്ച് വികസനത്തിനായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ ആക്റ്റ് 11-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം 22-12-2023 ലെ 4156-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 22-12-2023 ലെ ജി.ഒ.(പി) 326/2023/ആർ.ഡി. നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനവും, 09-06-2025 ലെ 2126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 06-06-2025 ലെ ജി.ഒ.(പി) 208/2025/ആർ.ഡി. നമ്പർ പ്രകാരം തിരുത്തൽ വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. തുടർ പരിശോധനയിൽ കുന്നരു ദേശത്ത് 75/13, 239/1, 239/2, 90/6, 233/18 എന്നീ സർവ്വേ നമ്പറുകൾ കൂടി അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്നതിനാൽ മുമ്പ് പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങളിൽ മേൽപറഞ്ഞ പ്രകാരം ഭേദഗതി വരുത്തുന്നു. മേൽപ്പറഞ്ഞ സർവ്വേ നമ്പറുകൾ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ വീണ്ടും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തേണ്ടതില്ല.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.03 08:54:01 +05:30